**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1326** **27-07-2021 - ൽ മറുപടിയ്ക്ക്**

**പാവറട്ടി മൃഗാശുപത്രിയുടെ ഉപകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി മൃഗാശുപത്രിയുടെ കീഴിലുള്ള കൈതമുക്കിലെ ഉപകേന്ദ്രം ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി മൃഗാശുപത്രിയുടെ കീഴിലുള്ള കൈതമുക്കിലെ പെരിങ്ങാട് വെറ്ററിനറി ഉപകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഉപകേന്ദ്രത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ ഉപകേന്ദ്രം പ്രവർത്തിച്ചു വരുന്നത്. കെട്ടിടത്തിന്റെ അവസ്ഥ മെച്ചപ്പെടുത്തേണ്ടതുണ്ട്. |
| (സി) | പ്രസ്തുത ഉപകേന്ദ്രത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (സി) | പ്രസ്തുത ഉപകേന്ദ്രത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി പാവറട്ടി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ